**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1652** **11-10-2024 - ൽ മറുപടിയ്ക്ക്**

**അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് അഗ്രോപാർക്കുകൾ സ്ഥാപിക്കുന്ന പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്. |

കാർഷിക മേഖലയിൽ കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ 5 അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് 100.03 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അഗ്രോപാർക്കിന്റെ പേര് | സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ(SPV) | തുക (കോടി രൂപ) |
|---|---|---|---|
| 1 | ബനാന ഹണി പാർക്ക്, കണ്ണാറ, തൃശ്ശൂർ | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ | 25.13 |
| 2 | നാളികേര പാർക്ക്, വേങ്ങേരി, കോഴിക്കോട് | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ | 20.00 |
| 3 | നാളികേര പാർക്ക്,കുത്താളി, കോഴിക്കോട് | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ | 20.00 |
| 4 | മാംഗോ പാർക്ക്, മുതലമട, പാലക്കാട് | INKEL, (Infrastructure Kerala Limited) | 20.00 |
| 5 | വെജിറ്റബിൾ പാർക്ക്, ചേർത്തല, ആലപ്പുഴ | വി.എഫ്.പി.സി.കെ | 15.00 |
| **ആകെ** | | | **100.13** |

07.08.2023-ലെ G.O.(Ms)No.71/2023/കൃഷി പ്രകാരം അഗ്രിപാർക്കുകളുടെ വികസനം, കമ്മീഷനിംഗ്, നടത്തിപ്പ് എന്നിവ സംബന്ധിച്ച തുടർ പ്രവർത്തനങ്ങൾ SPV കളുമായി സംയോജിപ്പിച്ച് നടപ്പാക്കുന്നതിന് കേരള അഗ്രോ ബിസിനസ്സ് കമ്പനിയെ (KABCO) ചുമതലപ്പെടുത്തിയിട്ടുണ്ട്.

തൃശ്ശൂരിലെ കണ്ണാറയിൽ സ്ഥാപിക്കുന്ന ബനാന ഹണി പാർക്കിന്റെ നിർമാണ പ്രവൃത്തികൾ 95% പൂർത്തീകരിക്കുകയും തേൻ സംസ്കരണത്തിനുള്ള യന്ത്രങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ബനാന വൈൻ നിർമാണ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ

| | | | |
|---|---|---|---|
| | | | ആരംഭിച്ചിട്ടില്ല. കോഴിക്കോട് ജില്ലയിലെ വേങ്ങേരിയിലും, കുത്താളിയിലും നാളികേര അഗ്രോ പാർക്ക് സ്ഥാപിക്കുന്നതിനുള്ള ഡി.പി.ആർ കെയ്കോ തയ്യാറാക്കി അംഗീകാരത്തിനായി കിഫ്ബിക്ക് നൽകിയിട്ടുണ്ട്. വെജിറ്റബിൾ അഗ്രോപാർക്ക് സ്ഥാപിക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ, പ്ലാൻ എസ്റ്റിമേറ്റ് എന്നിവ കാബ്കോയുടെ പരിഗണനയിലാണ്. മുതലമടയിൽ സ്ഥാപിക്കുന്ന മാങ്കോ പാർക്കിന്റെ വിശദമായ ഡി.പി.ആർ. INKEL തയ്യാറാക്കി അംഗീകാരത്തിനായി കിഫ്ബിക്ക് നൽകിയിട്ടുണ്ട്. |
| (ബി) | അഗ്രോപാർക്കുകൾ വഴി എന്തെല്ലാം സേവനങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ? | (ബി) | കർഷകർ, കർഷകകൂട്ടായ്മകൾ, FPO/FPC കൾ, കൃഷിക്കൂട്ടങ്ങൾ എന്നിവരിൽ നിന്നും സംഭരിക്കുന്ന കാർഷിക ഉത്പന്നങ്ങൾ അഗ്രോപാർക്കുകൾ മുഖേന മൂല്യവർധിത ഉത്പന്നങ്ങളാക്കി മാറ്റി, വിപണനം നടത്തുന്നതിലൂടെ ഗുണമേന്മയുള്ള മൂല്യവർധിത ഉത്പന്നങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനോടൊപ്പം നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സാധിക്കുന്നു. അഗ്രോപാർക്കുകളിൽ ഉത്പാദിപ്പിക്കുന്ന മൂല്യവർധിത ഉത്പന്നങ്ങൾ 'കേരളഗ്രോ' ബ്രാൻഡിലൂടെ വിപണനം ചെയ്യുവാനും സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ